# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1633.

08-06-2018 ൽ മറുപടിയ്ക്ക്

## കരനെൽ കൃഷി

**ചോദ്യം**

ശ്രീ.പി. ഉണ്ണി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (എ) | സമഗ്ര നെൽ കൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13600/- രൂപ സബ്സിഡി നൽകി വരുന്നു. ഇതിനു പുറമെ പദ്ധതിയധിഷ്ഠിതമായി റസിഡന്റ്സ് അസ്സോസിയേഷനുകൾ സർക്കാർ/ സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ മുഖേന നെൽ കൃഷി ചെയ്യുന്നതിനു ധനസഹായം നൽകി വരുന്നു. കരനെൽകൃഷിക്കും ഇതു ബാധകമാണ്.<br>2016-17 സാമ്പത്തിക വർഷം 2752 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യാൻ സാധിച്ചു. 2017-18 സാമ്പത്തികവർഷം 2500 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യുനുദ്ദേശിച്ചിരുന്ന സ്ഥാനത്ത് 2624.64 ഹെക്ടർ ചെയ്യാൻ സാധിച്ചു. 2018-19 സാമ്പത്തിക വർഷത്തേക്കും 2683.82 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനായി 375 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലും സഹായവും ഈ പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടായിരുന്നു. തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, സാംസ്കാരിക |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ, സർക്കാർ/സർക്കാരിതര/ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയും സജീവമായി സഹകരിച്ചു. |
| (ബി) | ഒറ്റപ്പാലം കൃഷിഭവന്റെ നേതൃത്വത്തിൽ കരനെൽകൃഷി ചെയ്യുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഒറ്റപ്പാലം കൃഷിഭവൻ പരിധിയിൽ 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതിയിലെ കരനെൽ കൃഷി പ്രോത്സാഹന ഘടകം പ്രകാരം 1.4 ഏക്കർ കൃഷി ചെയ്തിട്ടുണ്ട്. കരനെൽ കൃഷി സംബന്ധിച്ച് കാർഷിക വികസന സമിതി യോഗങ്ങളിലും, ഗ്രാമസഭകളിലും, പാടശേഖരസമിതി യോഗങ്ങളിലും, കർഷക യോഗങ്ങളിലും ചർച്ച ചെയ്യുകയും ദൃശ്യമാധ്യമങ്ങളിലൂടെ പ്രചരണം നൽകുകയും ചെയ്തു. ഒരു ഏക്കറിൽ കൂടി കര നെൽ കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**